**"ഭരണഭാഷ - മാതൃഭാഷ"**

നം. ജി 1/13102/2019/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 24/03/2020
ഫോൺ: 0471-2303107

## പരിപത്രം

വിഷയം:- സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കുള്ള പലിശ സബ്സിഡിയോടെയുള്ള ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാരിന്റെ 16/03/2020 - ലെ എഫ്1/21/2020/ഉ.വി.വ നമ്പർ കത്ത്.

*******

സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പ പദ്ധതി ജി.ഒ.(പി) നം.105/2018/ധന തീയതി 05/07/2018 & ജി.ഒ (പി) നം.143/2018/ധന തീയതി 11/09/2018 എന്നിവ പ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 06/2019/ധന തീയതി 18/01/2019 പ്രകാരം ബാങ്കുകൾ/ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം ഭവന വായ്പ എടുക്കുന്നതിന് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അർഹരായ ജീവനക്കാർ ഭവന വായ്പ എടുത്തതിനു ശേഷം ബാങ്കിൽ നിന്ന് ലഭ്യമാകുന്ന അനുമതി പത്രം സബ്സിഡിയ്ക്കായി സർക്കാരിലേയ്ക്ക് ഓൺലൈൻ സംവിധാനത്തിലൂടെയാണ് അറിയിക്കേണ്ടതിനാൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം ആയതു സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിയ്ക്കുന്നതാണെന്നും സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ നിയമങ്ങളിലെ യോഗ്യത മാന ദണ്ഡങ്ങൾക്കനുസൃതമായി മാത്രമാണ് ജീവനക്കാർക്ക് ബാങ്കിൽ നിന്ന് ഭവന വായ്പ ലഭ്യമാക്കിയിട്ടുള്ളതെന്ന് ഡി.ഡി.ഒ ഉറപ്പ് വരുത്തേണ്ടതാണെന്നും, യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമല്ലാത്ത ഭവന വായ്പകൾ സബ്സിഡിക്ക് പരിഗണിക്കുകയില്ല എന്ന് സൂചന കത്തിലൂടെ സർക്കാർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ സർക്കാരിൽ നിന്നും ഇനിയൊരു നിർദ്ദേശം ലഭ്യമാകുന്നതുവരെ ഭവന നിർമ്മാണ വായപ പദ്ധതി പ്രകാരം പലിശ

സബ്സിഡിയ്ക്കുള്ള അപേക്ഷകൾ ഈ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ലായെന്ന വിവരം അറിയിക്കുന്നു. സർക്കാരിൽ നിന്നും നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണ്.

ഒപ്പ്/-
ഡോ.സുമ.കെ.കെ
കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ

പകർപ്പ്:-

വകുപ്പിൻ കീഴിലുള്ള എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്ക്
(ഔദ്യോഗിക വെബ് സൈറ്റ് മുഖേന)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ 28/04/2020